ഇന്നത്തെ നോമ്പുതുറ സമയം
തിരുവനന്തപുരം : 6.43

ഫുട്ബാൾ ആവേശത്തിൽ തലസ്ഥാനം

◗കോവളം സതീഷ്കുമാർ

തിരുവനന്തപുരം : പച്ചപ്പുല്ലിനു മേൽ ഒരു പന്ത്, ബൂട്ടണിഞ്ഞ പാദം പന്തിനെ അടിച്ചകറ്റുമ്പോൾ ഇളകി തെറിക്കുന്ന പുൽനാമ്പുകൾ, പിന്നെ ലോകത്തിന്റെ കണ്ണുകൾ മുഴുവൻ ആ പന്തിനു പിന്നാലെ. ആകാംക്ഷകൾക്ക് ചൂടുപിടിപ്പിച്ച് കാലുകളിൽ നിന്ന് കാലുകളിലേക്കും തലകളിലേക്കും പറന്ന് ലക്ഷ്യത്തിലേക്ക് കുതിക്കുന്ന പന്ത്. ആരവങ്ങളും ആക്രോശങ്ങളും റഷ്യൻ മൈതാനങ്ങളിൽനിന്ന് ലോകത്തെമ്പാടുമുള്ള സ്ക്രീനുകളിലും നിറയുകയാണ്.

സ്നേഹവും പകയും കവിതയും സംഗീതവും പോലെ അതിരുകളില്ലാത്ത വികാരമാണ് ഫുട്ബാൾ. അതുകൊണ്ട് തന്നെ ഇനിയുള്ള നാളുകൾ റഷ്യയിലേക്ക് കൺതുറന്ന് ഗോളാരവത്തിനായി നമ്മൾ കാതോർക്കും. സ്കോട്ടിഷ് താരവും പ്രശസ്ത കോച്ചുമായ ബിൽ ഷാൻക്ലി ഒരിക്കൽ പറഞ്ഞതുപോലെ 'ജീവിതത്തിന്റെയും മരണത്തിന്റെയും പ്രശ്നം മാത്രമല്ല, അതിനും അപ്പുറത്തുള്ളതാണ് ഫുട്ബാൾ'. അനശ്വരതിയുടെതലത്തിലേക്ക് ഉയർത്താൻ കഴിവുള്ള ജീവിതംതന്നെയാണ് ഫുട്ബാൾ. ആഹ്ലാദം, ദുഃഖം, ഭാവന, നൈരാശ്യം, അവയുടെ ഒഴുക്ക് അങ്ങനെ എല്ലാം ഇതിലുണ്ട്.

ഫുട്ബാളിന്റെ സാർവജനീനതയ്ക്ക് മറ്റൊരു കളിക്കും അവകാശപ്പെടാനില്ലാത്തവൈകാരിക സ്പർശവുമുണ്ട്. ഒന്നും മുൻകൂട്ടിപറയാനാകാത്ത തൊണ്ണൂറു മിനിട്ടുകൾ. അവിടെ പുതിയ സ്വപ്നങ്ങൾ പൂവണിയുന്നു. ചിലപ്പോൾ പരാജയത്തിന്റെ വീഴ്ചകളിൽ ശ്രദ്ധ തളരാതെ കെട്ടും.

അനന്തപുരിയുടെയും മനസിലും ഷോൾ റഷ്യയിലെ പതിനൊന്നു നഗരങ്ങളിലെ പന്ത്രണ്ടു പുൽമൈതാനങ്ങളിലായി അരങ്ങേറുന്ന 64 പോരാട്ടങ്ങളിലാണ്. കാൽക്കരുത്തിന്റെ മന്ത്രവാദങ്ങൾ, ഗ്വോ വിളികൾ, ഒരു ജനതയുടെ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തിയുള്ള ടൈബ്രേക്കറുകൾ, ഉദ്വേഗത്തിന്റെമുൾമുനയിൽനിറുത്തുന്ന പെനാൽറ്റിഷൂട്ടൗട്ടുകൾ, നെഞ്ചിടിപ്പിന്റെ താളം പോലും മുറുകുന്ന നിമിഷങ്ങൾ.

പന്തുരുളാൻ നിമിഷങ്ങൾ മാത്രമാണുള്ളത്. ആദ്യകളി റഷ്യയും സൗദിയും തമ്മിൽ. ജൂലായ് 15ന്റെ അവസാനകളിമോസ്കോയിലെ ലൂസ്നിക്കി സ്റ്റേഡിയത്തിൽ ആരൊക്കെ തമ്മിലായിരിക്കും. കപ്പിൽ ആർമുത്തമിടും. വാശിയും വീറുമെല്ലാം ഫ്ലക്സ് ബോർഡുകളും വാട്സ് ആപ്പിലെ ട്രോളുകളിലുമായിനാട്ടിൽനിറയുകയാണ്. തീദേശത്താണ് കൂട്ടതൽ ആവേശം. ബസിലും ടെയിനിലും ബീച്ചിലും ഓഫീസുകളിലുമൊക്കെ ഫുട്ബാൾ ചർച്ചകൾ മാത്രം.

ലയണൽമെസിയുടെയുംപാവ് ലോ ഡിബാലയുടെയും അർജന്റീന, നെയ്മറിന്റെയും ഗബ്രിയേൽ ജീസസിന്റെയുംബ്രസീൽ, ടോണി ക്രൂസിന്റെയും ടിമോ വെർണറുടെയും ജർമ്മനി, ഇസ്കോയുടെ സ്പെയിൻ, ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ പോർച്ചുഗൽ, കൈലിയൻ ബാപ്പെയുടെ ഫ്രാൻസ്. ഇവരിൽ ആരാകും റഷ്യയുടെ മണ്ണിൽ വെട്ടിത്തിളങ്ങുന്ന താരം? അതോ മറ്റൊരു ശ്രീകൃഷ്ണയും പിറവിയെടുക്കുമോ? ഇവിടെ മെസിക്കും നെയ്മറിനുമാണ് ആരാധകരേറെ.

ബ്രസീലും അർജന്റീനയും കഴിഞ്ഞിട്ടേ ഉള്ളൂ മറ്റേതു രാജ്യവും. മമ്മൂട്ടിയുടെയും മോഹൻലാലിന്റെയുമൊക്കെ ആരാധകർ പരസ്പരം പഞ്ച് ഡയലോഗുകൾ വച്ച് കാച്ചുന്നതു പോലെയാണ് മെസിയുടെയും നെയ്മറിന്റെയും ആരാധകർ വാചകകസർത്തുകൾ നടത്തുന്നത്. 'വാഴുന്നമണ്ണിനും വണങ്ങുന്ന ഫാൻസിനും നെയ്മർ കൊടുത്ത വാക്കാണ് ആറാം കിരീടം'- ഇതാണ് നെയ്മർ ഫാൻസിന്റെ വാക്കുകൾ. '31 രാജ്യങ്ങൾക്ക് ഒരു വില്ലൻ അതാണ് മെസി' - മെസിയുടെ ആരാധകരുടെ മറുപടി.

വേൾഡ് കപ്പിന്റെ ഔദ്യോഗിക ഗാനം പുറത്തിറങ്ങുന്നതിനു മുമ്പ് ഇവിടത്തെ അർജന്റീന ആരാധകർ ആൽബം പുറത്തിറക്കി ഹിറ്റാക്കി. തലസ്ഥാന നഗരത്തിൽ ഫുട്ബാൾ ആവേശത്തിന് ആഘോഷപ്പൊലിമകൂടിപകർന്ന് ഇന്നലെ റാലി നടന്നു. റാലിക്കൊടുവിൽ പ്രദർശന മത്സരവുമുണ്ടായിരുന്നു.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ലോകകപ്പ് ഫുട്ബാൾ വരവേല്പ് യോഗത്തോടനബന്ധിച്ച് നടന്ന പൊഴിയൂർ എസ്.എം.ആർ. സിയും കപ്പൈൻഡ് അക്കാഡമിയും തമ്മിലുള്ള സൗഹൃദ ഫുട്ബാൾ മത്സരത്തിൽ നിന്ന്

ഫോട്ടോ: വിഷ്ണുകുമരകം

എവിടെ നോക്കിയാലും മെസിയും നെയ്മറും

കൊച്ചുകുട്ടികൾപോലും നഗരത്തിലെ സ്പോർട്സ് കടകളിൽവന്നുചോദിക്കും 'അങ്കിളേ, മെസിയുടെ ജഴ്സിയുണ്ടോ?' നീലയും വെള്ളയും കലർന്ന് പത്താം നമ്പർ ജഴ്സിയും മെസി എന്ന് എഴുതിയിരിക്കുന്നതും കണ്ടാൽ കുട്ടികൾക്ക് അതുമതി. രണ്ടാം സ്ഥാനം ബ്രസീലിന്റെ നെയ്മറുടെ മഞ്ഞ ജഴ്സിക്കാണ്. പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോയ്ക്കു മൂന്നാം സ്ഥാനം. ജഴ്സിവാങ്ങാൻ കടകളിൽ വൻതിരക്കാണ്. 100 മുതൽ 350 രൂപ വരെയാണ് വിലസ്പെയിൻ, ഇംഗ്ലണ്ട്. ജർമ്മനി എന്നീ ടീമുകളുടെ ജഴ്സിക്കും ആരാധകരുണ്ട്. കമ്പനികളും സ്ഥാപനങ്ങളും ജഴ്സികൾ തയ്യാറാക്കുകയാണ്. പ്രീക്വാർട്ടർ മത്സരങ്ങൾ തുടങ്ങുന്നതോടെ ആവേശം കൊടുമുടിയിലെത്തും. ഈ സമയത്താണ് വില്ലനായിൽ വൻ വർദ്ധനയുണ്ടാകുന്നതെന്ന് കടയുടമകൾ പറയുന്നു.

ഇസ്ലാം വിഭാവന ചെയ്ത സാമ്പത്തികക്രമം അനുകരണീയം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

തിരുവനന്തപുരം: ഇസ്ലാം വിഭാവന ചെയ്ത സാമ്പത്തികക്രമം അനുകരിച്ചാൽ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ കഴിയുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു.

റംസാൻ പ്രമാണിച്ച് കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ സംസ്ഥാന വ്യാപകമായി നടത്തിയ പാവപ്പെട്ടവർക്കായുള്ള പുതുവസ്ത്ര - ധാന്യവിതരണ സമാപനം മുസ്ലിം അസോസിയേഷൻ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജമാഅത്ത് കൗൺസിൽ സംസ്ഥാന പ്രസിഡന്റ് കരമന ബയാർ അദ്ധ്യക്ഷത വഹിച്ചു.

സക്കാത്ത് പാവപ്പെട്ടവർക്ക് ഔദാര്യമായി നൽകേണ്ടതല്ല, അവരുടെ അവകാശമാണെന്ന് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയ കിംസ്മാനേജിംഗ് ഡയറക്ടർ ഇ.എം. നജീബ് അഭിപ്രായപ്പെട്ടു.

നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ എം. എസ്. ഫൈസൽഖാൻ, വിഴിഞ്ഞം ഹനീഫ്, പി. സെയ്ദ്, കലാപ്രേമി മാഹിൻ, പാഷനംകോട് അൻസാരി, എൽ. എം. കാസിം, കൃഷ്ണമൂഴി ഹനീഫ, എ. എസ്. ഹമീദ്, ബീമാപള്ളി സക്കീർ, മുഹമ്മദ് റോഷൻ എന്നിവർ സംസാരിച്ചു.

കേരള മുസ്ലിം ജമാ അത്ത് കൗൺസിൽ സംഘടിപ്പിച്ച റംസാൻ റിലീഫ് ഭക്ഷ്യധാന്യ കിറ്റുകളുടെ ഉദ്ഘാടനച്ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ സംസാരിക്കുന്നു. എം.എസ്. ഫൈസൽഖാൻ, ഇ.എം. നജീബ് , കരമന ബയാർ തുടങ്ങിയവർ സമീപം

ചെറിയ പെരുന്നാൾ: ഇമാമുമാർ പാളയം ജുമാ മസ്ജിദിൽ ചേർന്ന് അറിയിക്കും

തിരുവനന്തപുരം: ചെറിയ പെരുന്നാൾ ദിവസത്തെ സംബന്ധിച്ച ഏകീകൃത തീരുമാനം എടുക്കാൻ വിവിധ ജമാഅത്തുകളിലെ ഇമാമുമാർ, മഹൽ ഭാരവാഹികൾ എന്നിവർ പാളയം ജുമാ മസ്ജിദിൽ ഇന്ന് വൈകിട്ട് ഏഴിന് യോഗം ചേരും. പെരുന്നാൾ സംബന്ധിച്ച സംയുക്ത പ്രസ്താവന അന്നേദിവസം പുറപ്പെടുവിക്കുമെന്ന് പാളയം ഇമാം വി. പി. സുഹൈബ് മൗലവി, ദക്ഷിണ കേരള ജം ഇയ്യത്തുൽ ഉലമ സെക്രട്ടറി തൊടിയൂർ മുഹമ്മദ്കുഞ്ഞ് മൗലവി എന്നിവർ അറിയിച്ചു. മാസപ്പിറവി കാണുന്നവർ 0471 -2475924, 9605561702, 9847844744 എന്നീ നമ്പരുകളിൽ വിളിച്ചറിയിക്കണം.

വീട്ടമ്മയെ മർദ്ദിച്ച യുവാക്കൾ അറസ്റ്റിൽ

നേമം: പാപ്പനംകോട് എസ്റ്റേറ്റിൽ താമസിക്കുന്ന വീട്ടമ്മയെ മർദ്ദിച്ച യുവാക്കളെ നേമം പൊലീസ് അറസ്റ്റ് ചെയ്തു. കരിത്തലക്കൽ വീട്ടിൽ സുനി (31), അരുവാക്കോട് കരിത്തലക്കൽ വീട്ടിൽ വിഷ്ണു (27) എന്നിവരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. വീട്ടമ്മയുടെ പരാതിയെ തുടർന്നാണ് നടപടി. ഇവരുടെ കൂട്ടാളിയായ സുബാഷിനെ പൊലീസ് അറസ്റ്റ് ചെയ്യാൻ കാരണം വീട്ടമ്മയാണെന്ന് പറഞ്ഞാണ് മർദ്ദനമെന്ന് പൊലീസ് പറഞ്ഞു.

കഴിഞ്ഞമാസം മുമ്പ് വീട്ടമ്മയെ മർദ്ദിച്ച സംഭവത്തിൽ ഇവരെ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. റിമാൻഡിലായിരുന്നപ്രതികൾ പുറത്തിറങ്ങിയിരുന്നു. ഇതിനിടെ സുബാഷ് വീണ്ടും അക്രമങ്ങൾ തുടർന്നതിനാൽ കഴിഞ്ഞ ശനിയാഴ്ച ഇയാളെ ഗുണ്ടാ നിയമപ്രകാരം അറസ്റ്റ് ചെയ്തു. മർദ്ദനമേറ്റവീട്ടമ്മആശുപത്രിയിൽ ചികിത്സയിലാണ്. നേമം സി.ഐ കെ. പ്രദീപ്, എസ്.ഐ എസ്.എസ്. സജി, സഞ്ജു ജോസഫ്, ബിജു. ആർ എന്നിവരുൾപ്പെട്ട സംഘമാണ് പ്രതികളെ പിടികൂടിയത്.

അറസ്റ്റിലായ സുനി, വിഷ്ണു

ലിംഗസമത്വത്തിന് ജെൻഡർ റാലി ഇന്ന്



തിരുവനന്തപുരം: ഈക്വൽ വാക്ക് ഫോർ ദ ജെൻഡേഴ്സിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന യൂത്ത് കമ്മിഷന്റെ സഹായത്തോടെ ലിംഗസമത്വത്തിനായി ജെൻഡർ റാലി നടത്തും.

ഇന്ന് മാനവീയം വീഥിയിൽനിന്ന് യൂണിവേഴ്സിറ്റി കോളേജിലേക്കാണ് റാലി. വൈകിട്ട് 3ന് മാനവീയം വീഥിയിൽ സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശ് റാലി ഫ്ലാഗ് ഓഫ് ചെയ്യും. തുടർന്ന് യൂണിവേഴ്സിറ്റി കോളേജിൽ പൊതുസമ്മേളനത്തോടെ സമാപിക്കും.

നഗരത്തിലെ വിവിധ കോളേജുകളിൽ കഴിഞ്ഞ ആറുമുതൽ പരിപാടിയോടനുബന്ധിച്ച് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന വിവിധ മത്സരങ്ങൾ നടക്കുകയാണെന്ന് കോ - ഓർഡിനേറ്റർമാരായ ഡോ. കല്യാണിവാലത്ത്, ഡോ. എം.എൻ. പരശുരാമൻ എന്നിവർ അറിയിച്ചു. റാലിയുടെ പ്രചാരണാർത്ഥം ഇന്ന് വൈകിട്ട് 3ന് മാൾ ഒഫ് ട്രാവൻകൂറിന് മുന്നിൽ ഫ്ലാഷ്മോബ് നടത്തും.

ALVA'S
EDUCATION FOUNDATION (R.)
Moodbidri - 574 227, Karnataka

ADMISSIONS OPEN

ALVA'S INSTITUTE OF ENGINEERING & TECHNOLOGY
(Affiliated to VTU, Belgaum, Karnataka, Approved by AICTE, New Delhi, Recognised by Govt. of Karnataka)

B.E.
- Electronics & Communication Engineering
- Civil Engineering
- Mechanical Engineering
- Information Science & Engineering
- Computer Science & Engineering

Ph.D.
- Mechanical Engineering
- Electronics & Communication Engineering
- Computer Science & Engineering
- Physics Chemistry Mathematics
- Management

MBA • HR • Finance • Marketing (Dual Combination)

Dr. Peter Fernandes, Principal - +91 98450 50268, Email: principalaiet08@gmail.com
Administrative Officer: 9449967756 Ph: 08258-262724, 262725 www.aiet.org.in

MEDICAL & PARA MEDICAL COURSES
(Under Rajiv Gandhi University of Health Sciences, Bangalore)
- B.P.T. Bachelor of Physiotherapy
- B.Sc. M.L.T. Bachelor of Science in Medical Lab. Technology
- B.Sc. Nursing
- PB B.Sc. Nursing
- B.H.A. Hospital Administration
- M.P.T. Physiotherapy
- M.Sc. M.L.T. Medical Laboratory Technology
- M.Sc. Nursing
- M.H.A. Hospital Administration
- G.N.M. General Nursing & Midwifery

Ph: 9379525826, 9880748430, 8722873696, 08258-261229
www.alvas.org admission@alvas.org

ALVA'S COLLEGE, MOODBIDRI
Affiliated to Mangalore University, Accredited by NAAC

UG Courses:
- B.Sc. Physics, Mathematics, Chemistry Computer Science, Statistics, Botony, Zoology, Biotechnology, Biochemistry, Microbiology, Food Science, Hotel Management
- B.Com. • BCA • BBA • BSW • BA HRD
- CPT • IPCC • CS Integrated with B.Com & BBA
- B.A. English, Journalism, Psychology, Sociology, History, Economics,
- BVA (Visual Arts)

PG Courses:
- M.Sc. Chemistry (General/Analytical/ Organic), Biotechnology, Mathematics, Physics, Food Science, Applied Botany, Applied Zoology, Psychology, Statistics, Comp. Sc.
- M.Com • MHRD • MCJ • MSW
- MVA • MPEd • M.Ed.
- M.A. - English & Economics

For admission & details Contact:
Dr. Kurian, Principal: +91 97406 68967 email: principal@alvascollege.com
Mob: 94496 21937 www.alvascollege.com

വൈദ്യുതി ചാർജ് കൂട്ടരുത്: പവർ വർക്കേഴ്സ് കോൺഗ്രസ്

തിരുവനന്തപുരം: വൈദ്യുതി ചാർജ് കൂട്ടാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് കേരള പവർ വർക്കേഴ്സ് കോൺഗ്രസ് ആവശ്യപ്പെട്ടു. പരിഞ്ഞുകിട്ടാനുള്ള അയ്യായിരം കോടിയും വാട്ടർ അതോറിട്ടിയിൽനിന്ന് കിട്ടാനുള്ള 1500 കോടിയും യുദ്ധകാലാടിസ്ഥാനത്തിൽ പിരിച്ചെടുത്താൽ ബോർഡിന് ബാദ്ധ്യതഒഴിവാക്കാമെന്ന് അസി. ജനറൽ സെക്രട്ടറി കച്ചപ്പുറം തങ്കപ്പൻ പ്രസ്താവനയിൽ പറഞ്ഞു.

ടെലിവിഷൻ ശില്പശാല 16 മുതൽ

തിരുവനന്തപുരം: ദൃശ്യമാദ്ധ്യമ പ്രവർത്തകർക്കും മാദ്ധ്യമ പഠന വിദ്യാർത്ഥികൾക്കുമായി ചലച്ചിത്ര അക്കാഡമി സംഘടിപ്പിക്കുന്ന ടെലിവിഷൻ ശില്പശാല 16 മുതൽ 21 വരെതിരുവനന്തപുരം അട്ടക്കുളങ്ങര സീമാറ്റിൽനടക്കും. ശില്പശാലയുടെ ഉദ്ഘാടനം 16ന് രാവിലെ 10.30ന് പ്രസ് ക്ലബിലെ ടി. എൻ. ജി ഹാളിൽ മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ ശശികുമാർ നിർവഹിക്കും. തുടർന്ന് 'ടെലിവിഷൻ ഇൻ പോസ്റ്റ് ട്രൂത്ത് ഇന്ത്യ' (വാസ്തവാനന്തര ഇന്ത്യയിലെ ടെലിവിഷൻ) എന്ന വിഷയത്തിലെ സെമിനാറിൽ ശശികുമാർ, വെങ്കിടേഷ് രാമകൃഷ്ണൻ, സി.എസ്. വെങ്കിടേശ്വരൻ, സി. ഗൗരിദാസൻനായർഎന്നിവർസംസാരിക്കും. 16ന് രാവിലെ 9.30ന് രജിസ്ട്രേഷൻ ആരംഭിക്കും.

പൂർവ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം: പട്ടം കേന്ദ്രീയ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥി സംഗമം ജൂലായ് 14ന് വിദ്യാലയ ആഡിറ്റോറിയത്തിൽ നടക്കുമെന്ന് പ്രിൻസിപ്പൽ എസ്. അജയകുമാർ അറിയിച്ചു. 1964 മുതൽ 2015 വരെ ബാച്ചുകളിൽ പഠിച്ചവർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കും ഓൺലൈൻ രജിസ്ട്രേഷനും https://kvpattom.nic.in സന്ദർശിക്കുക. ഫോൺ: 9447699724.

'പടപ്പാട്ടുകാരൻ' സംഘടിപ്പിച്ചു

തിരുവനന്തപുരം: കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ വനിതാ സബ് കമ്മിറ്റി 'പടപ്പാട്ടുകാരൻ' എന്ന പരിപാടിസംഘടിപ്പിച്ചു. പുന്നപ്രവയലാർ സമര പോരാളി പി.കെ. മോദിനി, പ്രാർത്ഥന എന്നിവർ പങ്കെടുത്തു. കെ.പി.ബീനഅദ്ധ്യക്ഷതവഹിച്ചു. വി.ആർ. സതിജസ്വാഗതവുംഐ. കവിത നന്ദിയും പറഞ്ഞു.

പ്രതിഭാ സംഗമം

തിരുവനന്തപുരം: ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എസ്. എസ്. എൽ. സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും സ്കൂളുകളെയും ആദരിക്കുന്നതിനായിപ്രതിഭാസംഗമം നടത്തുന്നു. 18ന് വെള്ളയമ്പലം ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന പ്രതിഭാസംഗമം മന്ത്രി സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാര വിതരണംനിർവഹിക്കും. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുഅദ്ധ്യക്ഷതവഹിക്കും. മേയർ വി.കെ. പ്രശാന്ത്, ഡെപ്യൂട്ടിസ്പീക്കർ വി. ശശി, വി. എസ്. ശിവകുമാർ എം. എൽ. എ, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. വി. മോഹൻകുമാർഎന്നിവർ അവാർഡുകൾ വിതരണംചെയ്യും.

ആലോചനായോഗം

തിരുവനന്തപുരം: ശ്രീനാരായണ ഗുരുദേവന്റെ 164-ാമത് ജയന്തിയാഘോഷം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലത്തിൽ നടത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുള്ള യോഗം ശനിയാഴ്ച വൈകിട്ട് 4ന് ഗുരുകുലത്തിൽ ചേരും.

ലാൻഡ് ലൈൻ ബിൽ

തിരുവനന്തപുരം: മേയ് മാസത്തെ ബി.എസ്.എൻ.എൽ ലാൻഡ് ലൈൻ ബിൽ ഇന്ന് അടയ്ക്കണമെന്ന് ജില്ലാ പ്രിൻസിപ്പൽ ജനറൽ മനേജർ അറിയിച്ചു. ബി.എസ്.എൻ.എൽ. കസ്റ്റമർ സർവീസ് സെന്റർ, പോസ്റ്റോഫീസ്, ജനസേവനകേന്ദ്രങ്ങളിലോഓൺലൈൻ പോർട്ടലിലോ ബില്ലടയ്ക്കാം.

ഏഴാം ചരമവാർഷികം (14.06.2018)

സുഖേഷ്. ആർ
(കുട്ടൻ)
സുഖി സദനം, കൊറ്റാമം, ആറയൂർ പി.ഒ.

യാത്ര പറയാതെ അകാലത്തിൽ
ഞങ്ങളിൽ നിന്നകന്ന
പൊന്നോമനക്കുട്ടാ,
മറക്കില്ലൊരിക്കലും നീ തന്ന സ്നേഹം.

ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്

അമ്മ : സൗധ, അച്ഛൻ : രാമൻകുട്ടി, ബിശ്വജിത്ത്, സുഖി, അരുണ, രജിത്ത്, കല്യാണി, കണ്ണകി, ശ്രീഹരി

ഒന്നാം ചരമവാർഷികം (14.06.2018)

അഡ്വ. എ. ശശിധരൻ
ശശി മന്ദിരം, അയിരൂർ, വർക്കല.

നിത്യശാന്തി നേർന്നുകൊണ്ട്,
സന്തപ്പകുടുംബാംഗങ്ങൾ.